LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണത്തിലെ പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പ നൽകുന്നതിന് ബാങ്കുകൾ വൈമുഖ്യം കാണിക്കാറുണ്ടോ;

(ബി) ജനകീയാസൂത്രണത്തിലെ പദ്ധതികൾ നടപ്പാക്കുന്നതിന് ബാങ്ക് വായ്പ ലഭിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിന്റെ ഫലമെന്താണ്;

(സി) 1998-99 ൽ ഇക്കാര്യത്തിന് എന്തുതുക ബാങ്ക് വായ്പ ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) 1999-2000-ാമാണ്ടിൽ ഇതു സംബന്ധിച്ച് എന്ത് തുകയുടെ ബാങ്ക് വായ്പ ലഭിച്ചു;

(ഇ) 1998-99-ലും 1999-2000-ാമാണ്ടിൽ ഇതുവരെയും സഹകരണ ബാങ്കുകളിൽ നിന്ന് ജനകീയാസൂത്രണത്തിന് എന്ത് തുകയുടെ വായ്പ ലഭിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ജനകീയാസൂത്രണ പ്രോജക്ടുകൾക്ക് ബാങ്ക് വായ്പ നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ വിഭാവന ചെയ്യുന്ന പ്രോജക്ടുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ചർച്ച ചെയ്തു തയ്യാറാക്കേണ്ടതാണെന്നും, ഇത്തരം പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ബാങ്ക് അധികൃതരുമായി സാമ്പത്തിക ധനകാര്യ ബാദ്ധ്യതകൾ വിലയിരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(സി) വിവരം ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഡി) പദ്ധതി ആസൂത്രണ പ്രക്രിയ പൂർത്തിയായാൽ മാത്രമേ തുക കണക്കാക്കാൻ സാധിക്കൂ.

(ഇ) ചോദ്യം 'സി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ സമാന പദ്ധതികൾ

93 (2149) ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ സംവിധാനത്തിൽ ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സമാനമായ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഉണ്ടാകുന്ന ഇരട്ടിപ്പ് ഒഴിവാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) ഒരേ ഗുണഭോക്താക്കൾ തന്നെ ത്രിതല പഞ്ചായത്തുകളുടെ സമാന സ്വഭാവമുള്ള പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നത് തടയാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. വിവിധ തട്ടുകളിലുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സംയോജിപ്പിച്ച് തയ്യാറാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പരിപാടിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഗ്രാമസഭകളിലാണ്. സമാന സ്വഭാവമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്. അതിനാൽ ഒരേ ഗുണഭോക്താക്കൾക്ക് തന്നെ സമാന സ്വഭാവമുള്ള ആനുകൂല്യം ലഭിക്കുന്നത് തടയാൻ കഴിയുന്നു.

പഞ്ചായത്തുകളിലെ വരുമാന ലബ്ധിയിലെ അസമത്വം പരിഹരിക്കുവാൻ പദ്ധതി

94(2150)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ഇനത്തിൽ ഏറ്റവും വരുമാനമുള്ള പഞ്ചായത്ത് ഏതെന്നും ഏറ്റവും കുറച്ച് വരുമാനമുള്ള പഞ്ചായത്ത് ഏതെന്നും വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളുടെ വരുമാനലബ്ധിയിലെ അസമത്വം പരിഹരിക്കുവാൻ പദ്ധതി ആവിഷ്കരിക്കുമോ;

(സി) കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ളതും ജനസംഖ്യ കുറഞ്ഞതുമായ പഞ്ചായത്ത് ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിവിധ ഇനത്തിൽ ഏറ്റവും വരുമാനമുള്ള പഞ്ചായത്ത് കോട്ടയം ജില്ലയിലെ കുറവിലങ്ങാട് ഗ്രാമപഞ്ചായത്തും ഏറ്റവും വരുമാനം കുറഞ്ഞ പഞ്ചായത്ത് മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തുമാണ്.

(ബി) പഞ്ചായത്തുകളുടെ വരുമാനം അതാത് പഞ്ചായത്തുകളിൽ നിന്നും പിരിച്ചെടുക്കുന്ന വിവിധ നികുതിയിനങ്ങളും സർക്കാരിൽ നിന്നും കാലാകാലങ്ങളിൽ നൽകുന്ന വിവിധ പദ്ധതി, പദ്ധതിയേതര ഗ്രാന്റുകളുമാണ്. സർക്കാർ നൽകുന്ന വിവിധ ഗ്രാന്റുകൾ പഞ്ചായത്തിന്റെ വിസ്തൃതി, ജനസംഖ്യ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി വ്യക്തമായ മാനദണ്ഡ പ്രകാരമാണ് വിതരണം ചെയ്യുന്നത്. അതിനാൽ പഞ്ചായത്തുകളുടെ വരുമാന ലബ്ധിയിലെ അസമത്വം പരിഹരിക്കുവാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കേണ്ടതില്ല.

(സി) കേരളത്തിലെ ഏറ്റവും ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലയിലെ മൂന്നാർ ഗ്രാമപഞ്ചായത്തും ഏറ്റവും ജനസംഖ്യ കുറഞ്ഞ ഗ്രാമപഞ്ചായത്ത് ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തുമാണ്.

LIBRARY ARCHIVES Kerala Legislative Assembly